ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/35128/2023-GEB2 തീയതി: 06-01-2026

**ക്വട്ടേഷൻ നോട്ടീസ്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേക്ക് ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ/എൽ.എം.വി. സെഡാൻ (ഇന്നോവ/ മാരുതി സിയാസ്/ഹോണ്ട സിറ്റി വാഹനം അഭികാമ്യം) വാഹനം 2026 മാർച്ച് 31 വരെ വാടകയ്ക്ക് നൽകുന്നതിന് ഏജൻസി/വ്യക്തികളിൽ നിന്നും മൽസര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ 17.01.2026-ന് 3.00 മണിക്ക് മുൻപായി പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ജി.ഇ) മുൻപാകെ സമർപ്പിക്കേണ്ടതാണ്.

**ക്വട്ടേഷൻ വ്യവസ്ഥകൾ**

- വാഹനത്തിന്റെ വാടക, ഇന്ധന ചാർജ്, റിപ്പയറിംഗ് ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ എന്നിവ അടക്കം 2026 മാർച്ച് 31 വരെ പ്രതിമാസ നിരക്ക് ക്വോട്ട് ചെയ്യേണ്ടതാണ്.
- **വാഹന മാതൃക**: ഒരു മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ/എൽ.എം.വി. സെഡാൻ (ഇന്നോവ/ മാരുതി സിയാസ്/ഹോണ്ട സിറ്റി വാഹനം അഭികാമ്യം)
- വാഹനം ലഭ്യമാക്കേണ്ട സമയം: എല്ലാ ദിവസവും രാവിലെ 9.00 മണി മുതൽ വൈകിട്ട് 6.00 മണി വരെ (അത്യാവശ്യ സന്ദർഭങ്ങളിൽ അതിന് മുൻപും ശേഷവും).
- നിശ്ചിത നിരക്ക് ക്വോട്ട് ചെയ്യേണ്ട പ്രതിമാസ ഉപയോഗം: 1500 കി.മീ.
- നിരതദ്രവ്യം: 500/- രൂപ സീനിയർ ഫിനാൻസ് ഓഫീസറുടെ പേരിൽ ഡി.ഡി. ആയി ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും: 17.01.2026 ന് വൈകുന്നേരം 3.00 മണി.
- ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും: 19.01.2026 ന് വൈകുന്നേരം 4.00 മണി (അന്നേ ദിവസം അവധി ആണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയം)
- ക്വട്ടേഷൻ സമർപ്പിക്കേണ്ട രീതി: സീൽ ചെയ്ത ക്വട്ടേഷൻ.
- 1500 കി.മീ പ്രതിമാസ നിരക്ക്, 1500 കി.മീ-ന് മുകളിൽ അധികമായി വരുന്ന ഓരോ കിലോമീറ്ററിനും ഉള്ള നിരക്ക്, അധിക സമയത്തിന് ശേഷമുള്ള ഓരോ മണിക്കൂറിനും ഉള്ള നിരക്ക്, വാഹനത്തിന്റെ മോഡൽ, രജിസ്ട്രേഷൻ നമ്പർ, രജിസ്ട്രേഷൻ തീയതി, ക്വട്ടേഷൻ നൽകുന്ന ആളുടെ പേര്, മേൽവിലാസം, ഒപ്പ് എന്നിവ വ്യക്തമായി ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.
- വാഹനത്തിന് നിയമപരമായിട്ടുള്ള എല്ലാ രേഖകളും കാലികമാക്കിയിരിക്കേണ്ടതാണ് (ഇൻഷ്വറൻസ്, പൊല്യൂഷൻ, തുടങ്ങിയവ).
- ജി.എസ്.ടി. അടക്കമുള്ള തുകയാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
- **2022-ന്** ശേഷം രജിസ്ട്രേഷൻ ചെയ്ത വാഹനങ്ങളുടെ മാത്രം ക്വട്ടേഷൻ ലഭ്യമാക്കിയാൽ മതിയാകും.

**നിബന്ധനകൾ**

- സമർപ്പിക്കുന്ന ക്വട്ടേഷനോടൊപ്പം ഫോട്ടോ പതിച്ച ഐ ഡി കാർഡിന്റെ പകർപ്പും നിരതദ്രവ്യവും കൂടി ചേർത്തിരിക്കണം. ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്നവരുടെ നിരതദ്രവ്യം കരാർ നടപടികൾ പൂർത്തീകരിച്ച ശേഷം തിരികെ നൽകുന്നതാണ്. മറ്റുള്ളവരുടെ നിരതദ്രവ്യം ഒറിജിനൽ ഐ ഡി കാർഡ് ഹാജരാക്കി ആധികാരികത ഉറപ്പ് വരുത്തിയ ശേഷം തിരികെ നൽകുന്നതാണ്.
- കരാർ അടിസ്ഥാനത്തിൽ ഓടുന്ന വാഹനം എപ്പോഴും നല്ല കണ്ടീഷനിൽ ഉള്ളതായിരിക്കണം.
- പ്രിൻസിപ്പൽ ഡയറക്ടറുടെ ആവശ്യാനുസരണം (അവധി ദിവസങ്ങൾ ഉൾപ്പെടെ രാത്രിയും പകലും) വാഹനം ലഭ്യമാക്കേണ്ടതാണ്.
- കരാർ വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷത്തിൽ യാതൊരു അറിയിപ്പും കൂടാതെ കരാർ റദ്ദ് ചെയ്യുന്നതാണ്.
- ഏതെങ്കിലും കാരണവശാൽ സ്ഥിരം വാഹനത്തിന് ഓടാൻ തടസ്സപ്പെട്ടാൽ അംഗീകൃത വ്യവസ്ഥയിലും നിരക്കിലും പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
- വാഹനത്തിന്റെ വാടകയിൽ നിന്നും നിയമാനുസൃത കിഴിവുകൾ ഈടാക്കുന്നതാണ്.
- ലോഗ് ബുക്ക് പരിപാലിക്കേണ്ടതും ആയത് ഓഫീസിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.
- തെരഞ്ഞെടുക്കപ്പെടുന്ന വാഹനത്തിനു 200 രൂപയുടെ മുദ്ര പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.

വിശ്വസ്തതയോടെ,
Shaji Clement
ADDITIONAL DIRECTOR

പകർപ്പ് :
1. നോട്ടീസ് ബോർഡ്, സ്വരാജ് ഭവൻ.
2. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

Signed by
Shaji Clement
Date: 06-01-2026 11:41:19